KUDUMBASHREE
Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

**KSHO/8943/C/18** **10/4/2020**

**പ്രേക്ഷകൻ**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

**സ്വീകർത്താവ്**
എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരും

സർ,

**വിഷയം :** കുടുംബശ്രീ മുഖ്യ മന്ത്രിയുടെ സഹായഹസ്തം വായ്പ ( **CM's Helping Hand Loan Scheme-CMHLS)** പദ്ധതിയുടെ പരിപത്രം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

**സൂചന : സ.ഉ.(കൈ) 738/2020 ത.സ്വ.ഭ.വ തിരുവനന്തപുരം തിയതി 4/4/2020**

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. സൂചനപ്രകാരം കോവിഡ് ചെറുത്തുനില്പിനായി കേരള സർക്കാർ പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പലിശ രഹിത വായ്പ പദ്ധതിയായ 'മുഖ്യ മന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി' **(CM's Helping Hand Loan Scheme-CMHLS)** നടപ്പിലാക്കുന്നതിനുള്ള പരിപത്രം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സർക്കാർ തീരുമാനം അനുസരിച്ച് പലിശരഹിത വായ്പയായി നൽകാവുന്ന തുക 2000 കോടിരൂപയായി പരിമിതപെടുത്തിയിട്ടുള്ള കാരണം ഓരോ ജില്ലയുടെയും അയൽക്കൂട്ടഅംഗങ്ങളുടെ എണ്ണത്തിനും വായ്പ ആവശ്യപ്പെട്ട അംഗങ്ങളുടെ ഏകദേശ എണ്ണത്തിനും ആനുപാതികമായി ബാങ്കിൽ നിന്ന് ആകെ എടുക്കാവുന്ന വായ്പാതുകയുടെ ജില്ലാതിരിച്ചുള്ള കണക്ക് ചുവടെച്ചേർക്കുന്നു . 2020 ജൂൺ 30 വരെയാണ് പദ്ധതിയുടെ കാലാവധി.



Scanned with CamScanner

| ജില്ല | ആകെ അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം | വായ്പ ആവശ്യപ്പെട്ട അംഗങ്ങളുടെ എണ്ണം (പ്രാഥമിക കണക്കനുസരിച്ചുള്ള എണ്ണം) | ലഭ്യമാക്കാവുന്ന വായ്പ തുക (കോടിയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 450743 | 358993 | 200 |
| കൊല്ലം | 330580 | 265000 | 149 |
| പത്തനംതിട്ട | 180458 | 150000 | 85 |
| ആലപ്പുഴ | 320965 | 261404 | 147 |
| ഇടുക്കി | 156547 | 136294 | 77 |
| കോട്ടയം | 243640 | 193966 | 109 |
| എറണാകുളം | 375335 | 321021 | 181 |
| തൃശൂർ | 363635 | 326015 | 184 |
| പാലക്കാട് | 378346 | 296658 | 167 |
| മലപ്പുറം | 439876 | 350000 | 197 |
| വയനാട് | 112292 | 101000 | 58 |
| കോഴിക്കോട് | 461462 | 384324 | 216 |
| കണ്ണൂർ | 275173 | 242800 | 137 |
| കാസർഗോഡ് | 180707 | 164800 | 93 |
| **ആകെ** | **4269757** | **3552275** | **2000** |

പ്രസ്തുത പദ്ധതി വഴി വായ്പ ലഭ്യമാകുന്ന എല്ലാ അയൽക്കൂട്ടങ്ങൾക്കും ഇതിന് പുറമെ ബാങ്കിന്റെ എല്ലാ മാനദണ്ഡങ്ങൾക്കും വിധേയമായുള്ള ലിങ്കേജ് വായ്പക്കും അപേക്ഷിക്കുന്നതിനു തടസ്സമൊന്നുമില്ല.

ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാർഗരേഖയനുസരിച്ചു അയൽക്കൂട്ട വായ്പ അപേക്ഷ ബാങ്കിൽ നൽകുന്നതിനും അയൽക്കൂട്ടങ്ങൾക്കു എത്രയും വേഗം വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് ജില്ലാ മിഷൻ കോർഡിനേറ്റർമാരെ അറിയിക്കുന്നു

വിശ്വസ്തതയോടെ
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

Scanned with CamScanner